"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:- എൻ.2/16397/2025/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 06-10-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്- "ഇക്കോസെൻസ്"- സംബന്ധിച്ച്

സൂചന :- 30/09/2025 തീയതിയിലെ സ.ഉ.(സാധാ) നം. 2388/2025/LSGD

*****

മാലിന്യ സംസ്കരണവും പരിസ്ഥിതി സംരക്ഷണവും സംബന്ധിച്ച് വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ മാലിന്യ പരിപാലന മനോഭാവം വളർത്തുന്നതിനും സമൂഹത്തിൽ ശുചിത്വ ബോധവും സുസ്ഥിര വികസനത്തിനുള്ള പ്രതിബദ്ധതയും മനോഭാവവും ഉറപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുവാൻ സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് ("ഇക്കോസെൻസ്") എന്നാണ് ടി പദ്ധതയ്ക്ക് നൽകിയിരിക്കുന്ന പേര്.

യു.പി.(ക്ലാസ്സ് 6,7), ഹൈസ്കൂൾ(ക്ലാസ്സ് 8,9), ഹയർസെക്കണ്ടറി(ഒന്നാം വർഷം) വിഭാഗങ്ങളിലായി 1500/- രൂപ വീതം 50000 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ആകെ സ്കോളർഷിപ്പിന്റെ 40% യി.പി. വിഭാഗത്തിനും 30% വീതം ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങൾക്കുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 50 വിദ്യാർത്ഥികൾക്കും, മുനിസിപ്പാലിറ്റികളിൽ 75 വിദ്യാർത്ഥികൾക്കും, കോർപ്പറേഷനുകളിൽ 100 വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കും.

വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് ("ഇക്കോസെൻസ്")-ന്റെ ആമുഖം, പൊതുനിർദ്ദേശങ്ങൾ(അനുബന്ധം 1), വിദ്യാലയ തലത്തിൽ സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള ആക്ടിവിറ്റികൾ(അനുബന്ധം 2), സ്കോളർഷിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രക്രിയകൾക്കുള്ള സമയക്രമം, ഗ്രീൻ പ്രോട്ടോക്കോൾ(അനുബന്ധം 3) എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് ("ഇക്കോസെൻസ്") പദ്ധതിയ്ക്കുവേണ്ടി എല്ലാ വിദ്യാലയങ്ങളിലും ടീച്ചർ കോർഡിനേറ്റർമാരെ നിയോഗിക്കുവാനും, സ്കോളർഷിപ്പിനുള്ള പൊതുനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് സംബന്ധിച്ച് ആവശ്യമായ ബോധവൽക്കരണം നൽകുന്നതിനും, തല്പരരായ എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുവാനും പ്രധാനാധ്യാപകരെ ചുമതലപ്പെടുത്തുന്നു. 10/10/2025 തീയതിയ്ക്കുള്ളിൽ താല്പര്യമുള്ള വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. സ്കോളർഷിപ്പിനുള്ള

വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സഹായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ശുചിത്വമിഷൻ തുടങ്ങിയവർ നൽകുന്നതാണ്.

Signed by
Santhosh C A
Date: 06-10-2025 16:10:58

ADDITIONAL DIRECTOR (ACD)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

**സ്വീകർത്താവ്:**

എല്ലാ പ്രഥമാദ്ധ്യാപകരും/പ്രിൻസിപ്പാൾമാരും

**പകർപ്പ്:**

1. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും(ഹയർ സെക്കണ്ടറി)
4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും(വൊക്കേഷണൽ ഹയർ സെക്കണ്ടറി)
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

# വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ്

## ഇക്കോ സെൻസ്

കേരള സർക്കാർ '**മാലിന്യമുക്തം നവകേരളം' പദ്ധതി** നടപ്പാക്കി വരികയാണ്. മനുഷ്യർ ഉപയോഗരഹിതമായ വസ്തുക്കളെ മാലിന്യം/പാഴ്‌വസ്തുക്കളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇവയെ ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റാനുള്ള അറിവും ശീലവും നമ്മൾ സ്വന്തമാക്കുകയും ശീലമാക്കുകയും വേണം. ഇക്കാര്യത്തിൽ നൂതന ചിന്തയും താല്പര്യവുമുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ടത് ഏറെ പ്രാധാന്യമർഹിക്കുന്നു. വിദ്യാർത്ഥികൾക്കാണ് ഈ മാറ്റത്തിൽ മുഖ്യ ചാലക ശക്തിയാകാൻ കഴിയുക. വിദ്യാഭ്യാസ പ്രക്രിയയിലൂടെ കുട്ടികളെ മാലിന്യമുക്ത ചുറ്റുപാട് ഉണ്ടാക്കുന്നതിന്റെ വക്താക്കളാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സർക്കാർ.

തദ്ദേശ സ്വയംഭരണ വകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണ് **'വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ് –ഇക്കോ സെൻസ്–** ഈ സ്കോളർഷിപ്പിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്രീയ പാഴ്‌വസ്തു പരിപാലനം, ഹരിത നൈപുണികൾ വികസിപ്പിക്കൽ, പാഴ്‌വസ്തു പരിപാലനവുമായി ബന്ധപ്പെട്ട് പ്രാദേശികമായി നേരിടേണ്ടിവരുന്ന വെല്ലുവിളികൾക്ക് നൂതന പരിഹാരം കണ്ടെത്തൽ, പാഴ്‌വസ്തുക്കളുടെ അളവ് കുറയ്ക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. 'പാഴ്‌വസ്തുപരിപാലനം ഹരിതസാങ്കേതികവിദ്യയിലൂടെ' എന്ന മേഖലയിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ആക്ടിവിറ്റി പുസ്തകങ്ങളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയ ആശയങ്ങളും ഉൾക്കൊള്ളിച്ചാണ് സ്കോളർഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്.

യു.പി വിഭാഗത്തിൽ 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികളും ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികളും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ നിന്ന് ഒന്നാം വർഷ വിദ്യാർത്ഥികളുമാണ് ഈ വർഷം സ്കോളർഷിപ്പ് പരിപാടിയിൽ പങ്കെടുക്കുന്നത്. കുട്ടികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സ്കൂളിലെ അധ്യാപകർക്ക് ഒരു പ്രധാന പങ്കുണ്ട്. സ്കോളർഷിപ്പ് പരിപാടി നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണവകുപ്പ്, ശുചിത്വമിഷൻ എന്നീ ഏജൻസികളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്.

## 1. ലക്ഷ്യങ്ങൾ

1. വിദ്യാർത്ഥികളിൽ ഉത്തരവാദിത്വമുള്ള ഉപഭോക്തൃ സംസ്കാരം (Responsible Consumption), ശാസ്ത്രീയമായ മാലിന്യപരിപാലനം, മാലിന്യത്തിൻ്റെ അളവ് കുറക്കൽ തുടങ്ങിയ വിഷയങ്ങളിൽ താൽപ്പര്യം വളർത്തിയെടുക്കുക.
2. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രാദേശികമായ വെല്ലുവിളികൾക്ക് പരിഹാരം അന്വേഷിക്കുക, കണ്ടെത്തുക.
3. സുസ്ഥിര വികസനത്തിനുള്ള പ്രതിബദ്ധതയും മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തുക.
4. വിദ്യാർത്ഥികളിൽ ഹരിത നൈപുണികൾ വികസിപ്പിക്കുക

## 2. തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ:

സ്കോളർഷിപ്പിനുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ തലത്തിലായിരിക്കും നടക്കുക. ഇതിനാവശ്യമായ സഹായക പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ്, ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ശുചിത്വമിഷൻ തുടങ്ങിയവർ നൽകുന്നതാണ്.

1. ഗ്രാമപഞ്ചായത്തുകളിൽ 50 വിദ്യാർത്ഥികളും മുൻസിപ്പാലിറ്റികളിൽ 75 വിദ്യാർത്ഥികളും കോർപ്പറേഷനിൽ 100 വിദ്യാർത്ഥികൾ വീതവുമാണ് സ്കോളർഷിപ്പിലേക്ക് തെരഞ്ഞെടുക്കേണ്ടത്.
2. ഓരോ വിദ്യാലയത്തിൽ നിന്നും ചുരുങ്ങിയത് രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകേണ്ടതാണ്.
3. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആകെ നൽകുന്ന സ്കോളർഷിപ്പിൽ 40% യു.പി വിഭാഗത്തിനും 30% ഹൈസ്കൂളിനും 30% ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻ്ററിക്കുമായി മാറ്റിവയ്ക്കേണ്ടതാണ്.
4. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഓരോ വിദ്യാലയത്തിനും അനുവദിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി തീരുമാനിച്ച് സ്കൂളുകളെ അറിയിക്കേണ്ടതാണ്
5. അപ്പർ പ്രൈമറി വിഭാഗത്തിൽ നിന്നും ആറ്, ഏഴ് ക്ലാസ് വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും എട്ട്, ഒമ്പത് ക്ലാസ് വിദ്യാർത്ഥികൾക്കും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പിന് അവസരം നൽകുക.

6. സ്കൂൾ തലത്തിൽ പേര് നൽകിയ വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തും. തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും പ്രവർത്തനങ്ങളും അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.
7. വിദ്യാലയ തലത്തിലുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ **നവംബർ 14 ന് വിദ്യാലയത്തിൽ കുട്ടികളുടെ ഹരിതസഭ** സംഘടിപ്പിക്കണം. സ്കോളർഷിപ്പിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളുടെയുംപങ്കാളിത്തം ഹരിതസഭയിൽ ഉറപ്പാക്കണം. സ്കോളർഷിപ്പിന്റെ ഭാഗമായി കണ്ടെത്തിയ അറിവുകളും കണ്ടെത്തലുകളും സഭയിൽ അവതരിപ്പിക്കാനും ഇതിൻമേൽ മറ്റ് വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ ചോദിക്കാനുമുള്ള അവസരവും ഹരിതസഭയിൽ ഉണ്ടാകണം. സ്കോളർഷിപ്പിന് അർഹരായ കുട്ടികളുടെ പ്രത്യേക അവതരണവും ഉണ്ടാകണം..
8. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ വിദ്യാലയത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകേണ്ടതാണ്.
9. ഈ വിദ്യാർത്ഥികൾ നവംബർ, ഡിസംബർ മാസങ്ങളിലായി അനുബന്ധം 2 ൽ നൽകിരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ടതാണ്.
10. **ശുചിത്വ പഠനോത്സവം:** സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും **'ശുചിത്വ പഠനോത്സവം'** സംഘടിപ്പിക്കേണ്ടതാണ്. സെമിനാറുകൾ, മുഖാമുഖ ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തിയായിരിക്കണം ശുചിത്വ പഠനോത്സവം നടക്കേണ്ടത്. ശുചിത്വ പഠനോത്സവത്തിൽ തദ്ദേശ സ്ഥാപനത്തിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ടാകണം. സ്കോളർഷിപ്പിന്റെ ഭാഗമായി വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഏകോപനം, സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയത്തിന് പുരസ്കാരം നൽകേണ്ടതാണ്.
11. സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായ **1500 രൂപയും പ്രശസ്തിപത്രവും** നൽകേണ്ടതാണ്.

**പ്രധാന അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ**

1. അർഹതയുള്ള കുട്ടികളെ തെരഞ്ഞെടുക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും വിദ്യാലയത്തിലെ ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ ചുമതലപ്പെടുത്തേണ്ടതാണ്.
2. യു.പി/എച്ച്.എസ്/എച്ച്.എസ്.എസ്/വി.എച്ച്.എസ് വിവിധ സെക്ഷനുകൾക്ക് വെവ്വേറെ അദ്ധ്യാപകർക്ക് ചുമതല നൽകേണ്ടതാണ്.
3. പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ വിലയിരുത്തി അദ്ധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

4. താത്പര്യമുള്ള മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ ആയിരിക്കണം സ്കൂൾതല തെരഞ്ഞെടുക്കൽ പ്രക്രിയ നടത്തേണ്ടത്.
5. ജനാധിപത്യപരവും സാമൂഹ്യനീതിയിൽ അധിഷ്ഠിതവുമായും തിരഞ്ഞെടുപ്പ് പ്രക്രിയ പരാതി രഹിതമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
6. നവംബർ 14 ന് മുൻപായി സ്കോളർഷിപ്പ് തിരെഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കണം. നവംബർ 14 ശിശു ദിനത്തിൽ വിദ്യാലയതലത്തിൽ കുട്ടികളുടെ ഹരിതസഭ സംഘടിപ്പിക്കുകയും, ഹരിതസഭയിൽ വച്ച് സ്കോളർഷിപ്പിന് തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രഖ്യാപിക്കേണ്ടതുമാണ്.
7. പൊതുവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നൽകുന്ന നിർദ്ദേശങ്ങളും പ്രവർത്തനങ്ങളും ചുമതലയുള്ള അധ്യാപകനുമായി ആശയവിനിമയം നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും പ്രധാനാധ്യാപകന്റെ ചുമതലയാണ്.
8. സ്കൂൾ തല സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സഹകരണം ഉറപ്പാക്കുന്നതിന് വേണ്ടി വാർഡ് കൗൺസിലർ/മെമ്പർ, പി.ടി.എ, എസ്.എസ്.ജി, തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്യോഗസ്ഥർ, റസിഡൻസ് അസോസിയേഷൻ, ബി.ആർ.സി പ്രതിനിധികൾ പ്രദേശത്തെ ഹരിതകർമ്മ സേന, കുടുംബശ്രീ-എ.ഡി.എസ്,സി.ഡി.എസ് എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരാവുന്നതാണ്.
9. തദ്ദേശ സ്വയംഭരണ സ്ഥാപനം നടത്തുന്ന പരിശീലനത്തിലും പ്രവർത്തനങ്ങളിലും തെരെഞ്ഞെടുക്കപ്പെട്ട കുട്ടികളും ടീച്ചർ കോർഡിനേറ്ററും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന എണ്ണം കുട്ടികളെ സ്കൂൾ തലത്തിൽ തിരഞ്ഞെടുക്കേണ്ടതിന്റെ ചുമതല സ്കൂൾ എസ്.ആർ.ജി ക്ക് ആയിരിക്കും.

## 4. ടീച്ചർ കോർഡിനേറ്റർക്കുള്ള നിർദ്ദേശങ്ങൾ

1. സ്കൂൾ തല തെരഞ്ഞെടുപ്പിനു മുന്നോടിയായി പാഴ്വസ്തു പരിപാലനവുമായി ബന്ധപ്പെട്ട മുന്നറിവുകൾ കുട്ടികളുമായി ചർച്ച ചെയ്യേണ്ടതാണ്.
2. സ്കോളർഷിപ്പിനായി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നത് അനുബന്ധം 1 ൽ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങളുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കണം.
3. അനുബന്ധം 1,2 പ്രകാരമുള്ള പ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ കൊണ്ട് ചെയ്യിപ്പിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

4. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശിച്ചിട്ടുള്ള വിലയിരുത്തൽ സൂചകങ്ങൾക്കനുസരിച്ച് സ്കോളർഷിപ്പിനായി തിരഞ്ഞെടുക്കേണ്ടതാണ്.
5. സ്കോളർഷിപ്പ് നൽകാനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പാഴ്‌വസ്തു പരിപാലന ശീലങ്ങൾ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കേണ്ടതാണ്. അതിനായി അനുബന്ധം 2 ൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.

**അനുബന്ധം 1**

**<u>പൊതു നിർദ്ദേശങ്ങൾ – വിദ്യാലയ തലം</u>**

1. **പ്രവർത്തന ലക്ഷ്യങ്ങൾ**

    1. പാഴ്‌വസ്തുക്കളുടെ അളവ് കുറയ്ക്കലും പുനഃരുപയോഗവും പ്രോത്സാഹിപ്പിക്കൽ (8R– Reduce, Reuse, Refuse, Recover, Repair, Recycle, Rethink, Rot)
    2. ശാസ്ത്രീയമായ പാഴ്‌വസ്തുപരിപാലന രീതികൾ മനസ്സിലാക്കൽ
    3. പാഴ്‌വസ്തുക്കൾ തരംതിരിക്കൽ രീതി മനസ്സിലാക്കൽ

സ്കോളർഷിപ്പ് ചുമതലയുള്ള ടീച്ചർ കോർഡിനേറ്ററിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് സംബന്ധിച്ച് ഓറിയന്റേഷൻ നൽകേണ്ടതാണ്.

2. **ഓറിയന്റേഷനിൽ ഉൾപ്പെടുത്തേണ്ടവ:-**

    1. മാലിന്യ പരിപാലനവുമായ ബന്ധപ്പെട്ട ആരോഗ്യവും സാമൂഹികവും പരിസ്ഥിതികവുമായ പ്രാധാന്യം വിശദീകരിക്കുക.
    2. ശാസ്ത്രീയ മാലിന്യ പരിപാലനവും കാലാവസ്ഥാ വ്യതിയാനവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുക.
    3. പാഠപുസ്തകങ്ങളിലെയും തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസ പാഠപുസ്തകങ്ങളിലെയും പാഴ്‌വസ്തു പരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രവർത്തനങ്ങളും ചർച്ചയ്ക്ക് വിധേയമാക്കുക.
    4. മാലിന്യനിർമാർജന പ്രവർത്തനത്തിൽ ഓരോ വ്യക്തിക്കും ഉള്ള ചുമതല വെളിപ്പെടുത്തണം.എൻറെ മാലിന്യം എൻറെ ഉത്തരവാദിത്വം എന്ന തത്വം ഓർമ്മപ്പെടുത്തുക.
    5. ഭരണഘടനയിലെ മൗലികാവകാശങ്ങളിലെ ജീവിക്കാനുള്ള അവകാശം മൗലിക കർത്തവ്യങ്ങളിലെ പാരിസ്ഥിതിക സംരക്ഷണം എന്നിവ പരിചയപ്പെടുത്തണം.

6. മാലിന്യ സംസ്കരണ മേഖലകൾ വളർന്നുവരുന്ന ഒരു ശാസ്ത്ര ശാഖയാണെന്നും ഉന്നത വിദ്യാഭ്യാസ മേഖലകളിൽ ഉപയോഗപ്പെടുത്താൻ സാധിക്കും എന്നുള്ള അറിവ് നൽകണം.
7. തുടർന്ന് സ്കോളർഷിപ്പിൻ്റെ വിവരങ്ങൾ വിശദീകരിക്കണം. വിദ്യാലയ തല സ്കോളർഷിപ്പ് പ്രവർത്തനങ്ങൾ, കുട്ടികളുടെ ഹരിതസഭ, ശുചിത്വ പഠനോത്സവം തുടങ്ങിയവ വിശദമാക്കണം.

<u>വിദ്യാലയ തല തെരെഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ</u>

3. **യു.പി വിഭാഗം (6,7 ക്ലാസുകൾ)**

**<u>സുസ്ഥിര മാലിന്യപരിപാലന പ്രവർത്തനങ്ങൾ</u>**

1. **<u>എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം</u>**

1. പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഗ്രീൻ പ്രോട്ടോക്കോൾ.
2. ടീച്ചർ കോർഡിനേറ്റർ അനുബന്ധം 3 വായിച്ചതിനു ശേഷം വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുകയും കൂടുതൽ അറിവുകൾ വിദ്യാർത്ഥികൾക്ക് ഇത് സംബന്ധിച്ച് നൽകേണ്ടതാണ്.
3. വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ പട്ടികപ്പെടുത്തുകയും ടീച്ചർ കോർഡിനേറ്ററുടെ അവതരണത്തിൽ നിന്നും ലഭിച്ച പുതിയ അറിവുകളുടെ അടിസ്ഥാനത്തിൽ ഇനി വരുത്താൻ പോകുന്ന പുതിയ ശീലങ്ങളും കുറിക്കേണ്ടതാണ്.
4. വിദ്യാർത്ഥി സ്വന്തം വീട്ടിലോ കുടുംബ വീടുകളിലോ നടന്ന ജന്മദിനാഘോഷങ്ങൾ, മറ്റ് ആഘോഷങ്ങൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്തിയതിന്റെ തെളിവുകൾ കൂടാതെ സ്കോളർഷിപ്പ് കാലയളവിൽ നടക്കുന്ന ആഘോഷങ്ങൾ വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്താനുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.
5. ഇതോടൊപ്പം തന്നെ വിദ്യാർത്ഥി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തൽ എഴുതി തയ്യാറാക്കി ടീച്ചർ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

*(വിലയിരുത്തൽ സൂചകങ്ങൾ: ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുവാനായി വിദ്യാർത്ഥി വീട്ടിലും ക്ലാസ്സ്മുറിയിലും സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ, മാറ്റങ്ങൾ എന്നിവ ആസ്പദമാക്കി 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

2. **<u>മാലിന്യത്തിന്റെ</u> തരം തിരിവും ശാസ്ത്രീയ പരിപാലനവും**

1. **സ്വന്തം വീട്ടിലെ മാലിന്യം തരം തിരിക്കുന്നത് എങ്ങനെ**യെന്ന് **മനസിലാക്കുക**.

വീട്ടിൽ മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക, അതോടൊപ്പം വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ ബിന്ന് നിർമ്മിക്കുക. വിദ്യാർത്ഥികളിൽ മാലിന്യം തരം തിരിക്കൽ പ്രക്രിയ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ പ്രവർത്തനം.

1. ഉപയോഗ ശൂന്യമായ വസ്തുക്കളിൽ നിന്നായിരിക്കണം ബിൻ നിർമ്മിക്കേണ്ടത്.
2. വിവിധ തരം മാലിന്യങ്ങൾക്കായി പ്രത്യേകം ബിന്നുകൾ നിർമിക്കണം (ഉദാ ജൈവം , അജൈവം എന്നിവക്ക് പുറമെ അജൈവത്തിലെ വിവിധ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വേണ്ടി തയ്യാറാക്കൽ).
3. ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ബിന്നുകൾ ആകർഷകമാക്കുക (കയർ, പ്ലാസ്റ്റിക്ക് ബോട്ടിലുകൾ, തുണി തുടങ്ങിയവ)
4. ഇതോടൊപ്പം പാഴ്‌വസ്തുക്കളിൽ നിന്ന് കളിക്കോപ്പുകൾ,പഠന സാമഗ്രികൾ, സഞ്ചികൾ തുടങ്ങിയ പുനരുപയോഗിക്കാവുന്ന വസ്തുക്കൾ നിർമ്മിക്കുക.

2. **കമ്പോസ്റ്റാക്കാം ജൈവാവശിഷ്ടങ്ങൾ:**

1. വിദ്യാർത്ഥിയുടെ വീട്ടിലെ ജൈവ മാലിന്യം എങ്ങനെയാണ് പരിപാലിക്കുന്നത്?
2. ഇതിനായി വീട്ടിലൊരുക്കിയ സംവിധാനം ഏതാണ് ?
3. പരിപാലന രീതി എങ്ങനെയാണ്?
4. ഇതിലൂടെ ഉണ്ടാക്കുന്ന കമ്പോസ്റ്റ് എന്തിനൊക്കെയാണ് ഉപയോഗിക്കുന്നത്?
5. നിലവിൽ വീട്ടിൽ സംവിധാനം ഇല്ലെങ്കിൽ എങ്ങനെ പുതിയ സംവിധാനം ഒരുക്കാം?

*ഇത്രയും കാര്യങ്ങൾ വിദ്യാർത്ഥി വീട്ടിൽ നിന്നും നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. നിലവിൽ സംവിധാനങ്ങളൊന്നും ഇല്ലെങ്കിൽ രക്ഷിതാക്കളോടൊപ്പം ചേർന്ന് ജൈവ മാലിന്യം സംസ്കരിക്കുന്നതിനായി സംവിധാനം ലഭ്യമാക്കുവാനോ വീട്ടിൽ തന്നെ നിർമ്മിക്കുവാനോ ഉള്ള പ്രവർത്തനത്തിൽ ഏർപ്പെടുക.*

*(വിലയിരുത്തൽ സൂചകങ്ങൾ: തരം തിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകളുടെ നിർമ്മാണം, ബിന്നുകളുടെ എണ്ണം, ഏറ്റവും കൂടുതൽ പാഴ്‌വസ്തുക്കൾ ഉപയോഗിക്കൽ,ബിന്നുകളുടെ ആകർഷണീയത,ഉണ്ടാക്കിയ മറ്റ് സാമഗ്രികൾ, വീട്ടിൽ ജൈവ മാലിന്യം പരിപാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള രീതികൾ എന്നിവ ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

3. **എന്റെ വീട് മാലിന്യമുക്തം ഉറപ്പാക്കാം നിങ്ങളുടേതും**

1. വീടുകളിൽ വരാറുള്ള ഹരിതകർമ്മസേനയുടെ സഹായത്തോടെയോ/ അല്ലെങ്കിൽ ഹരിതകർമ്മസേനയോടൊപ്പമോ വീടിന് സമീപത്തുള്ള 5 വീടുകൾ സന്ദർശിക്കുക.
2. ജൈവ-അജൈവ മാലിന്യങ്ങളുടെ പരിപാലനം ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുക. ഫോട്ടോകൾ/ചിത്രങ്ങൾ ചേർക്കാവുന്നതാണ് .
3. സന്ദർശന സമയത്ത് വീടുകളിൽ ആവശ്യമില്ലാത്തതും മറ്റുള്ളവർക്ക് പുനരുപയോഗിക്കാൻ സാധിക്കുന്നതുമായ വസ്തുക്കൾ വിദ്യാർത്ഥികൾ ശേഖരിക്കേണ്ടതാണ് (ബാഗ്, കുട, കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ..)ഇവ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്ന സ്വാപ്പ് ഷോപ്പിലേക്ക് നൽകേണ്ടതാണ്.

   താഴെ നൽകിയിരിക്കുന്ന സൂചകങ്ങൾ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾ ഫോർമാറ്റ് തയ്യാറാക്കേണ്ടതാണ്.

   - *നിങ്ങളുടെ വീട്ടിലെ പാഴ്‌വസ്തുക്കൾ ഏതൊക്കെയാണ് ?*
   - *അവയെ ഏതെല്ലാം വിഭാഗമായി തരംതിരിക്കാം ?*
   - *തരം തിരിച്ച് സംഭരിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ ഉണ്ടോ?*
   - *അവ ഓരോന്നിനെയും എങ്ങനെയാണ് പരിപാലിക്കുന്നത് ?*
   - *മാലിന്യത്തിന്റെ അളവ് കുറക്കുന്നതിന് വീടുകളിൽ എന്തൊക്കെ ചെയ്യാറുണ്ട്?*

4. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നന്നായി പാഴ്‌വസ്തു പരിപാലനം ചെയ്യുന്ന ക്രമത്തിൽ വീടുകളെ റാങ്ക് ചെയ്യുകയും ഏറ്റവും മികച്ച ആദ്യ മൂന്ന് സ്ഥാനക്കാരെ തെരഞ്ഞെടുക്കുകയും ചെയ്യുക.
5. സന്ദർശനത്തെ ആസ്പദമാക്കി ലഘു റിപ്പോർട്ട് തയ്യാറാക്കി അദ്ധ്യാപകൻ/ അദ്ധ്യാപികയ്ക്ക് നൽകേണ്ടതാണ്

*(വിലയിരുത്തൽ സൂചകങ്ങൾ: സന്ദർശിച്ച വീടുകളുടെ എണ്ണം,ചോദ്യാവലിയുടെ പ്രാധാന്യം, കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും, ഏറ്റവും മികച്ച ഹരിത ഭവനങ്ങൾ, എങ്ങനെയാണ് ഇവയെ കണ്ടെത്തിയത്, കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 20 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ് )*

4. **വേസ്റ്റ് കൊളാഷ്**

കഴിഞ്ഞ ഒരു മാസം പത്രങ്ങളിൽ മാലിന്യവുമായി ബന്ധപ്പെട്ട പോസിറ്റീവ് നെഗറ്റീവ് വാർത്തകൾ ശേഖരിക്കുക. വാർത്തകളുടെ സ്വഭാവം അനുസരിച്ച് കൊളാഷ് തയ്യാറാക്കി ചുമതലയുള്ള അദ്ധ്യാപകൻ/ അദ്ധ്യാപികയ്ക്ക് നൽകേണ്ടതാണ്.

*(വിലയിരുത്തൽ സൂചകങ്ങൾ: ഏറ്റവും കൂടുതൽ പത്ര വാർത്തകൾ ശേഖരിക്കൽ, ഉണ്ടാക്കിയ കൊളാഷിന്റെ ഉള്ളടക്കം ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ് )*

5. **വേസ്റ്റ് മാപ്പിംഗ്**

നിങ്ങളുടെ വിദ്യാലയത്തിനുള്ളിലുള്ള പല തരത്തിലുള്ള മാലിന്യക്കൂനകൾ,മാലിന്യം കത്തിക്കുന്ന ഇടങ്ങൾ,മലിനജലം കെട്ടികിടക്കുന്ന ഇടങ്ങൾ,ജൈവ പാഴ്‌വസ്തു സംസ്കരണ സംവിധാനങ്ങൾ, അജൈവ പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങൾ തുടങ്ങിയവ കണ്ടെത്തുക. പാഴ്‌വസ്തു നിക്ഷേപിച്ചിട്ടുള്ള സ്ഥലത്തിന്റെ പ്രത്യേകത, പാഴ്‌വസ്തുവിന്റെ തരം, അളവ്, എന്നിവ രേഖപ്പെടുത്തി കൊണ്ട് വേസ്റ്റ് മാപ്പ് വരച്ച് തയ്യാറാക്കുക.

*(വിലയിരുത്തൽ സൂചകങ്ങൾ: മാപ്പ് തയ്യാറാക്കിയ രീതി, ഏറ്റവും കൂടുതൽ പാഴ്‌വസ്തുക്കളുടെ സ്പോട്ടുകൾ കണ്ടെത്തൽ, മാപ്പിന്റെ പൂർണത എന്നിവ പരിശോധിച്ച് 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ് )*

4. **ഹൈസ്കൂൾ വിഭാഗം (8,9 ക്ലാസുകൾ)**

**<u>സുസ്ഥിര മാലിന്യപരിപാലന പ്രവർത്തനങ്ങൾ</u>**

1. **ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം**

1. പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഗ്രീൻ പ്രോട്ടോക്കോൾ.
2. ടീച്ചർ കോർഡിനേറ്റർ അനുബന്ധം 3 വായിച്ചതിനു ശേഷം വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുകയും കൂടുതൽ അറിവുകൾ വിദ്യാർത്ഥികൾക്ക് ഇത് സംബന്ധിച്ച് നൽകേണ്ടതാണ്.

3. വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ പട്ടികപ്പെടുത്തുകയും ടീച്ചർ കോർഡിനേറ്ററുടെ അവതരണത്തിൽ നിന്നും ലഭിച്ച പുതിയ അറിവുകളുടെ അടിസ്ഥാനത്തിൽ ഇനി വരുത്താൻ പോകുന്ന പുതിയ ശീലങ്ങളും കുറിക്കേണ്ടതാണ്.
4. വിദ്യാർത്ഥി സ്വന്തം വീട്ടിലോ കുടുംബ വീടുകളിലോ നടന്ന ജന്മദിനാഘോഷങ്ങൾ, മറ്റ് ആഘോഷങ്ങൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്തിയതിന്റെ തെളിവുകൾ കൂടാതെ സ്കോളർഷിപ്പ് കാലയളവിൽ നടക്കുന്ന ആഘോഷങ്ങൾ വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്താനുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.
5. ഇതോടൊപ്പം തന്നെ വിദ്യാർത്ഥി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തൽ എഴുതി തയ്യാറാക്കി ടീച്ചർ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

*(വിലയിരുത്തൽ സൂചകങ്ങൾ: ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുവാനായി വിദ്യാർത്ഥി വീട്ടിലും ക്ലാസ്സ്മുറിയിലും സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ,മാറ്റങ്ങൾ എന്നിവ ആസ്പദമാക്കി 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

2. **മാലിന്യത്തിന്റെ തരം തിരിവും ശാസ്ത്രീയ പരിപാലനവും**

1. **സ്വന്തം വീട്ടിൽ മാലിന്യം ഏതൊക്കെ തരത്തിലാണ് തരം തിരിക്കുന്നത് എന്ന് മനസിലാക്കുക.**

വീട്ടിൽ മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. ഇല്ലെങ്കിൽ പാഴ്വസ്തുക്കളിൽ നിന്നും ബിൻ നിർമ്മിക്കുക. വിവിധ തരം മാലിന്യങ്ങൾക്കായി പ്രത്യേകം ബിന്നുകൾ നിർമിക്കണം ഉപയോഗ ശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ബിന്നുകൾ ആകർഷകമാക്കുക (കയർ, പ്ലാസ്റ്റിക്ക് ബോട്ടിലുകൾ, തുണി തുടങ്ങിയവ).കൂടാതെ കളിക്കോപ്പുകൾ, പഠന സാമഗ്രികൾ തുടങ്ങിയവയും പാഴ്വസ്തുക്കളിൽ നിന്നും നിർമ്മിക്കേണ്ടതാണ്. ഇതിനോടൊപ്പം തന്നെ വീടിന് സമീപമുള്ള ബിന്നുകൾ ഇല്ലാത്ത ചുരുങ്ങിയത് 2 വീടുകളിൽ വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ ബിൻ സംഘടിപ്പിച്ചോ നിർമ്മിച്ചോ നൽകേണ്ടതാണ്.

2. **കമ്പോസ്റ്റാക്കാം ജൈവാവശിഷ്ടങ്ങൾ**

1. വിദ്യാർത്ഥിയുടെ വീട്ടിലെ ജൈവ മാലിന്യം എങ്ങനെയാണ് പരിപാലിക്കുന്നത്?
2. ഇതിനായി വീട്ടിലൊരുക്കിയ സംവിധാനം ഏതാണ് ?
3. പരിപാലന രീതി എങ്ങനെയാണ്?
4. ഇതിലൂടെ ഉണ്ടാക്കുന്ന കമ്പോസ്റ്റ് എന്തിനൊക്കെയാണ് ഉപയോഗിക്കുന്നത്?

5. നിലവിൽ വീട്ടിൽ സംവിധാനം ഇല്ലെങ്കിൽ എങ്ങനെ പുതിയ സംവിധാനം ഒരുക്കാം?

ഇത്രയും കാര്യങ്ങൾ വിദ്യാർത്ഥി വീട്ടിൽ നിന്നും നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. നിലവിൽ സംവിധാനങ്ങളൊന്നും ഇല്ലെങ്കിൽ രക്ഷിതാക്കളോടൊപ്പം ചേർന്ന് ജൈവ മാലിന്യം സംസ്കരിക്കുന്നതിനായി സംവിധാനം ലഭ്യമാക്കുവാനോ വീട്ടിൽ തന്നെ നിർമ്മിക്കുവാനോ ഉള്ള പ്രവർത്തനത്തിൽ ഏർപ്പെടുക

*(വിലയിരുത്തൽ സൂചകങ്ങൾ: തരം തിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകളുടെ നിർമ്മാണം, ബിന്നുകളുടെ എണ്ണം, ഏറ്റവും കൂടുതൽ പാഴ്‌വസ്തുക്കൾ ഉപയോഗിക്കൽ,ബിന്നുകളുടെ ആകർഷണീയത, ഉണ്ടാക്കിയ മറ്റ് സാമഗ്രികൾ വീട്ടിൽ ജൈവ മാലിന്യം പരിപാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള രീതികൾ എന്നിവ ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

3. **എന്റെ വീട് മാലിന്യമുക്തം ഉറപ്പാക്കാം നിങ്ങളുടേതും**

1. വീടുകളിൽ വരാറുള്ള ഹരിതകർമ്മസേനയുടെ സഹായത്തോടെയോ/അല്ലെങ്കിൽ ഹരിതകർമ്മസേനയോടൊപ്പമോ വീടിന് സമീപത്തുള്ള 15 വീടുകൾ സന്ദർശിക്കുക
2. സന്ദർശന സമയത്ത് വീടുകളിൽ നിന്നും അവർക്ക് ആവശ്യമില്ലാത്തതും മറ്റൊരാൾക്ക് പുനഃരുപയോഗിക്കാൻ സാധിക്കുന്നതുമായ വസ്തുക്കൾ വിദ്യാർത്ഥികൾ ശേഖരിക്കേണ്ടതാണ്(ബാഗ്, കുട, കളിപ്പാട്ടങ്ങൾ, വസ്ത്രങ്ങൾ, പുസ്തകങ്ങൾ.) ഇവ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്ന സ്വാപ്പ് ഷോപ്പിലേക്ക് നൽകേണ്ടതാണ്.

   ഇതിനായി താഴെ നൽകിയിരിക്കുന്ന സൂചകങ്ങൾ അടിസ്ഥാനമാക്കി കുട്ടികൾ വിവരശേഖരണ ഫോർമാറ്റ് തയ്യാറാക്കേണ്ടതാണ്.

   - പാഴ്‌വസ്തുക്കളുടെ ഇനങ്ങൾ
   - ഓരോ ഇനത്തിന്റെയും അളവ്
   - ഓരോ ഇനത്തിന്റെയും പരിപാലന രീതി
   - ജൈവ പാഴ്‌വസ്തുക്കളുടെ ഉറവിട പരിപാലന രീതികൾ
   - അജൈവ പാഴ്‌വസ്തുക്കളെ പ്രയോജനപ്പെടുത്തുന്ന രീതികൾ
   - മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ വീടുകളിൽ സ്വീകരിക്കുന്ന കരുതലുകൾ

3. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നന്നായി പാഴ്‌വസ്തു പരിപാലനം നടക്കുന്ന ക്രമത്തിൽ വീടുകളെ റാങ്ക് ചെയ്യുകയും ഏറ്റവും മികച്ച ആദ്യ മൂന്ന് സ്ഥാനക്കാരെ തെരഞ്ഞെടുക്കുകയും ചെയ്യുക.

4. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വീടുകളിലെ സന്ദർശനം, ഇതിനായി ഉണ്ടാക്കിയ ചോദ്യാവലി, കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും,ഏറ്റവും മികച്ച ഹരിത ഭവനങ്ങൾ ഏതൊക്കെയാണ്, എങ്ങനെയാണ് ഇവയെ കണ്ടെത്തിയത്, കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ലഘു റിപ്പോർട്ട് തയ്യാറാക്കി അദ്ധ്യാപക(ൻ) സമർപ്പിക്കുക.

*(വിലയിരുത്തൽ സൂചകങ്ങൾ: സന്ദർശിച്ച വീടുകളുടെ എണ്ണം,ചോദ്യാവലി, കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും, ഏറ്റവും മികച്ച ഹരിത ഭവനങ്ങൾ, എങ്ങനെയാണ് ഇവയെ കണ്ടെത്തിയത്, കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 20 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ് )*

4. **വേസ്റ്റ് മാപ്പിംഗ്**

നിങ്ങളുടെ വിദ്യാലയത്തിനുള്ളിലും പരിസരത്തുമുള്ള പല തരത്തിലുള്ള പാഴ്‌വസ്തുക്കൾ കണ്ടെത്തുക. പാഴ്‌വസ്തു നിക്ഷേപിക്കപ്പെട്ട സ്ഥലത്തിന്റെ പ്രത്യേകത, അളവ്, എന്നിവ രേഖപ്പെടുത്തി കൊണ്ട് വേസ്റ്റ് മാപ്പ് തയ്യാറാക്കുക

*(വിലയിരുത്തൽ സൂചകങ്ങൾ: മാപ്പ് തയ്യാറാക്കിയ രീതി, ഏറ്റവും കൂടുതൽ പാഴ്‌വസ്തുക്കളുടെ സ്പോട്ടുകൾ കണ്ടെത്തൽ, മാപ്പിന്റെ പൂർണത എന്നിവ പരിശോധിച്ച് 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്)*

5. **പ്ലാസ്റ്റിക്കുകൾ പലതരം :**

വീട്ടിൽ നിന്നും പരിസരത്തു നിന്നും വിവിധ പ്ലാസ്റ്റിക് വസ്തുക്കൾ, കവറുകളും പാക്കറ്റുകൾ, പാക്കേജുകൾ എന്നിവ ശേഖരിക്കുക. അവയെ റസിൻ നമ്പർ / നാമത്തിൻ്റെ അടിസ്ഥാനത്തിൽ ക്വാളിറ്റിക്കനുസരിച്ച് LDPE, PP, HDPE, PET, PS, PVC, മറ്റുള്ളവ തരം തിരിച്ച് പട്ടികപ്പെടുത്തി ടീച്ചർ കോർഡിനേറ്റർക്ക് സമർപ്പിക്കുക.

*(വിലയിരുത്തൽ സൂചകങ്ങൾ: ഏറ്റവും കൂടുതൽ ഇനങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്താവുന്നതാണ്.)*

5. **ഹയർ സെക്കൻ**ഡറി **വിഭാഗം (ഒന്നാം വർഷ വിദ്യാർത്ഥികൾ)**

**<u>സുസ്ഥിര മാലിന്യ പരിപാലന പ്രവർത്തനങ്ങൾ (വ്യക്തിഗതം)</u>**

1. **ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം**

1. പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഗ്രീൻ പ്രോട്ടോക്കോൾ
2. ടീച്ചർ കോർഡിനേറ്റർ അനുബന്ധം 3 വായിച്ചതിനു ശേഷം വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിക്കുന്ന കാര്യങ്ങൾ പരിശോധിക്കുകയും കൂടുതൽ അറിവുകൾ വിദ്യാർത്ഥികൾക്ക് ഇത് സംബന്ധിച്ച് നൽകേണ്ടതാണ്.
3. വിദ്യാർത്ഥി സ്വന്തം വീട്ടിലും ക്ലാസ്സ്മുറിയിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ പട്ടികപ്പെടുത്തുകയും ടീച്ചർ കോർഡിനേറ്ററുടെ അവതരണത്തിൽ നിന്നും ലഭിച്ച പുതിയ അറിവുകളുടെ അടിസ്ഥാനത്തിൽ ഇനി വരുത്താൻ പോകുന്ന പുതിയ ശീലങ്ങളും കുറിക്കേണ്ടതാണ്.
4. വിദ്യാർത്ഥി സ്വന്തം വീട്ടിലോ കുടുംബ വീടുകളിലോ നടന്ന ജന്മദിനാഘോഷങ്ങൾ, മറ്റ് ആഘോഷങ്ങൾ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്തിയതിന്റെ തെളിവുകൾ കൂടാതെ സ്കോളർഷിപ്പ് കാലയളവിൽ നടക്കുന്ന ആഘോഷങ്ങൾ വിദ്യാർത്ഥിയുടെ നേതൃത്വത്തിൽ പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച നടത്താനുള്ള ഇടപെടലുകൾ നടത്തേണ്ടതാണ്.
5. ഇതോടൊപ്പം തന്നെ വിദ്യാർത്ഥി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനുള്ള സ്വയം സാക്ഷ്യപ്പെടുത്തൽ എഴുതി തയ്യാറാക്കി ടീച്ചർ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

*(വിലയിരുത്തൽ സൂചകങ്ങൾ: ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുവാനായി വിദ്യാർത്ഥി വീട്ടിലും ക്ലാസ്സ്മുറിയിലും സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ, മാറ്റങ്ങൾ എന്നിവ ആസ്പദമാക്കി 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

2. '**ഞാൻ ഇനി ഇത് ഉപയോഗിക്കില്ല പകരം ഇത്....'**

ബദൽ ഉത്പ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി, വിദ്യാർത്ഥികളുടെ നിത്യ ജീവിതത്തിൽ കൊണ്ട് വരാൻ സാധിക്കുന്ന മാറ്റം. '**ഞാൻ ഇനി ഇത് ഉപയോഗിക്കില്ല പകരം ഇത്....'** എന്ന ടാഗിൽ ബോധവത്കരണ വീഡിയോ തയ്യാറാക്കുക

*(വിലയിരുത്തൽ സൂചകങ്ങൾ : ഏറ്റവും കൂടുതൽ ബദൽ ഉത്പ്പന്നങ്ങൾ ഉപയോഗിക്കുന്നവർ, ബദൽ ഉത്പന്നങ്ങളുടെ സ്വീകാര്യത, സുലഭമായതും, ദീർഘകാലം ഉപയോഗിക്കാൻ സാധിക്കുന്നതുമായ ഉത്പന്നങ്ങൾ തുടങ്ങിയവ വിലയിരുത്തി 11 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

3. **എന്റെ വീട് മാലിന്യമുക്തം ഉറപ്പാക്കാം നിങ്ങളുടേതും**

1. വീടുകളിൽ വരാറുള്ള ഹരിതകർമ്മസേനയുടെ സഹായത്തോടെയോ/അല്ലെങ്കിൽ ഹരിതകർമ്മസേനയോടൊപ്പമോ വീടിന് സമീപത്തുള്ള 15 വീട്ടുകളും 10 സ്ഥാപനങ്ങളും (വ്യാപാര സ്ഥാപനങ്ങളും ഇതര സ്ഥാപനങ്ങളും ഉൾപ്പെടണം) സന്ദർശിക്കുക.

   വീടുകളിലെയും സ്ഥാപനങ്ങളിലെയും പാഴ്‌വസ്തു പരിപാലനം ഒരു ചോദ്യാവലിയുടെ സഹായത്തോടെ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കുക. ഫോട്ടോകൾ ചേർക്കാൻ മറക്കരുത്

   ഇതിനായി താഴെ നൽകിയിരിക്കുന്ന സൂചകങ്ങൾ അടിസ്ഥാനമാക്കി കുട്ടികൾ വിവരശേഖരണ ഫോർമാറ്റ് തയ്യാറാക്കേണ്ടതാണ്.

   1. പാഴ്‌വസ്തുക്കളുടെ ഇനങ്ങൾ
   2. ഓരോ ഇനത്തിന്റെയും അളവ്
   3. ഓരോ ഇനത്തിന്റെയും പരിപാലന രീതി
   4. ജൈവ പാഴ്‌വസ്തുക്കളുടെ ഉറവിട പരിപാലന രീതികൾ
   5. അജൈവ പാഴ്‌വസ്തുക്കളെ പ്രയോജനപ്പെടുത്തുന്ന രീതികൾ
   6. മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ വീടുകളിൽ സ്വീകരിക്കുന്ന കരുതലുകൾ

   വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നന്നായി പാഴ്‌വസ്തു പരിപാലനം ചെയ്യുന്ന ക്രമത്തിൽ വീടുകളെയും സ്ഥാപനങ്ങളെയും റാങ്ക് ചെയ്യുകയും ഏറ്റവും മികച്ച ആദ്യ മൂന്ന് സ്ഥാനക്കാരെ തെരഞ്ഞെടുക്കുകയും ചെയ്യുക.

*വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വീടുകളിലെ സന്ദർശനം,ഇതിനായി ഉണ്ടാക്കിയ ചോദ്യാവലി, കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും,ഏറ്റവും മികച്ച ഹരിത ഭവനങ്ങൾ ഏതൊക്കെയാണ്, എങ്ങനെയാണ് ഇവയെ കണ്ടെത്തിയത്, കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ലഘു റിപ്പോർട്ട് തയ്യാറാക്കി അധ്യാപക(ൻ)സമർപ്പിക്കുക.*

2. **കമ്പോസ്റ്റാക്കാം ജൈവാവശിഷ്ടങ്ങൾ**

1. വിദ്യാർത്ഥിയുടെ വീട്ടിലെ ജൈവ മാലിന്യം എങ്ങനെയാണ് പരിപാലിക്കുന്നത്?
2. ഇതിനായി വീട്ടിലൊരുക്കിയ സംവിധാനം ഏതാണ് ?
3. പരിപാലന രീതി എങ്ങനെയാണ്?

4. ഇതിലൂടെ ഉണ്ടാക്കുന്ന കമ്പോസ്റ്റ് എന്തിനൊക്കെയാണ് ഉപയോഗിക്കുന്നത്?
5. നിലവിൽ വീട്ടിൽ സംവിധാനം ഇല്ലെങ്കിൽ എങ്ങനെ പുതിയ സംവിധാനം ഒരുക്കാം?

ഇത്രയും കാര്യങ്ങൾ വിദ്യാർത്ഥി വീട്ടിൽ നിന്നും നിരീക്ഷിക്കുകയും മനസ്സിലാക്കുകയും ചെയ്യുക. നിലവിൽ സംവിധാനങ്ങളൊന്നും ഇല്ലെങ്കിൽ രക്ഷിതാക്കളോടൊപ്പം ചേർന്ന് ജൈവ മാലിന്യം സംസ്കരിക്കുന്നതിനായി സംവിധാനം ലഭ്യമാക്കുവാനോ വീട്ടിൽ തന്നെ നിർമ്മിക്കുവാനോ ഉള്ള പ്രവർത്തനത്തിൽ ഏർപ്പെടുക

*(വിലയിരുത്തൽ സൂചകങ്ങൾ: സന്ദർശിച്ച വീടുകളുടെ എണ്ണം,ചോദ്യാവലി, കണ്ടെത്തിയ നിരീക്ഷണങ്ങളും നിഗമനങ്ങളും, ഏറ്റവും മികച്ച ഹരിത ഭവനങ്ങൾ, എങ്ങനെയാണ് ഇവയെ കണ്ടെത്തിയത്, കണ്ടെത്തിയ പോരായ്മകളും നിർദ്ദേശങ്ങളും ആസ്പദമാക്കി ഏറ്റവും നന്നായി ചെയ്തതിന് അനുസരിച്ച് 20 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ് )*

4. **ക്യാമറ കണ്ണുകൾ**

വിദ്യാർത്ഥി തദ്ദേശ സ്ഥാപന പ്രദേശത്തെ മാലിന്യക്കൂനകൾ, മാലിന്യം കത്തിക്കുന്ന പ്രദേശങ്ങൾ, നിയമ ലംഘനങ്ങൾ എന്നിവ കണ്ടെത്തി മാപ്പ് ചെയ്യുക. ശേഷം നിക്ഷേപിച്ചിട്ടുള്ള മാലിന്യത്തിന്റെ ഫോട്ടോ, മാലിന്യത്തിന്റെ തരം, അളവ്, മാലിന്യം എങ്ങനെ വന്നു എത്ര കാലമായി എന്നീ വിവരങ്ങൾ സമീപവാസികളിൽ നിന്നും അറിയുക. ഈ വിവരമെല്ലാം ഏകോപിപ്പിച്ച് റിപ്പോർട്ട് തയ്യാറാക്കുക. കൂടാതെ മാലിന്യ കൂനകൾ , മാലിന്യ ലംഘനം എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സിംഗിൾ വാട്സ്ആപ്പ് നമ്പറിൽ (9446700800) ലേക്ക് റിപ്പോർട്ട് ചെയ്യുക. ഇതിന്റെ തെളിവും റിപ്പോർട്ടിൽ ഉൾപ്പെടുത്തുക

*(വിലയിരുത്തൽ സൂചകങ്ങൾ: കണ്ടെത്തിയ മാലിന്യ കൂനകളുടെ എണ്ണം, ശേഖരിച്ച വിവരങ്ങളുടെ പൂർണ്ണത, സിംഗിൾ വാട്സാപ്പ് നമ്പറിലേക്ക് നൽകിയ റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്തേണ്ടതാണ്.)*

5. വിദ്യാർത്ഥി സമീപ പ്രദേശത്തുള്ള ഒരു ജൈവ മാലിന്യ സംസ്കരണ സംവിധാനം, (ഉറവിടം/സ്ഥാപനം/കമ്മ്യൂണിറ്റി),പാഴ്‌വസ്തു പരിപാലന കേന്ദ്രങ്ങൾ (എം.സിഎഫ്, ആർ.ആർ.എഫ്) സന്ദർശിക്കുകയും പരിപാലന രീതി മനസ്സിലാക്കുകയും ചെയ്യേണ്ടതാണ്. സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ അനുഭവ കുറിപ്പ് തയ്യാറാക്കുക, ഇതോടൊപ്പം തന്നെ സംവിധാനത്തിന്റെ മേന്മകളും പോരായ്മകളും കുറിക്കുക.

*(വിലയിരുത്തൽ സൂചകങ്ങൾ: അനുഭവ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 10 മാർക്കിൽ അനുയോജ്യമായ മാർക്ക് രേഖപ്പെടുത്താവുന്നതാണ്.)*

6. **വിദ്യാലയതലത്തിൽ സ്വാപ്പ് ഷോപ്പും റിപ്പയർ മേളയും (Swap shop & Repair fest)**

1. വിദ്യാലയത്തിൽ **സ്വാപ്പ് ഷോപ്പുകൾ** സംഘടിപ്പിക്കുക. പുനഃരുപയോഗത്തിന് സാധ്യമാകുന്ന വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവസരമാണ് സ്വാപ്പ് ഷോപ്പിലൂടെ സാധ്യമാകുന്നത്.ഗൃഹസന്ദർശന സമയത്ത് വിദ്യാർത്ഥികൾ ശേഖരിച്ച പുസ്തകങ്ങൾ,കുപ്പി,കുട,യൂണിഫോം,നോട്ട് ബുക്കുകൾ, കളിക്കോപ്പുകൾ, അടുത്തുള്ള വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കാൻ സാധിക്കുന്ന വസ്തുക്കൾ തുടങ്ങിയവയെല്ലാം സ്കൂൾ തല സ്വാപ്പ് ഷോപ്പിലേക്ക് കൊണ്ടുവരാവുന്നതാണ്.

അവ ആവശ്യമുള്ളവർക്ക് കൈമാറുകയും ഇതിലൂടെ പുനഃരുപയോഗം പ്രോത്സാഹിപ്പിക്കുവാനും സാധിക്കും.

2. **റിപ്പയർ മേള:** വർദ്ധിച്ചുവരുന്ന ഉപഭോഗ സംസ്കാരം ഓരോ വ്യക്തിയും ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിൽ വർദ്ധനവ് വരുത്തുന്നുണ്ട്. ആയതിനാൽ ഉത്പന്നത്തിന്റെ പരമാവധി ശേഷിവരെയും ഉപയോഗിക്കാനും തകരാറുകൾ സംഭവിച്ചാൽ റിപ്പയർ ചെയ്ത് ഉപയോഗിക്കാനും സാധിക്കണം. ഇതിനായി വിദ്യാലയത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ, വസ്ത്രങ്ങൾ, ചെരുപ്പ്, ബാഗ് തുടങ്ങി വ്യത്യസ്ത വിഭാഗത്തിൽപ്പെടുന്ന വസ്തുക്കൾ റിപ്പയർ ചെയ്യുന്നതിനായി പി.ടി.എ,പ്രാദേശിക കൂട്ടായ്മകൾ ക്ലബ്ബുകൾ തുടങ്ങിയവയുടെ സഹായത്തോടെ റിപ്പയർ ഫെസ്റ്റ് നടത്തുക. ഇതിലൂടെ കുട്ടികൾക്ക് തൊഴിൽ നൈപുണ്യം വളർത്തിയെടുക്കാനും സാധിക്കും.
3. **ഓൾഡ്സ്ഫാഷണബിൾ ഡയറി** (old is fashionable diary)– വിദ്യാലയത്തിലെ സ്കോളർഷിന്റെ ഭാഗമാകുന്ന കുട്ടികൾ അവരുടെ നിത്യപയോഗ സാധനങ്ങൾ പുതിയതായി വാങ്ങുന്ന വസ്തുക്കൾ എന്നിവ എത്രനാൾ ഉപയോഗിക്കുന്നു , ഏറെ കാലം ഉപയോഗിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള വഴികൾ തുടങ്ങിയവ രേഖപ്പെടുത്തി ഡയറി തയ്യാറാക്കുക. മാലിന്യത്തിന്റെ അളവ് കുറച്ച് കുട്ടികൾ ഏറെകാലം വസ്തുക്കൾ പുനരുപയിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, അറിയുന്നതിനും വേണ്ടിയാണ് ഈ പ്രവർത്തനം.

7. **മൂല്യനിർണ്ണയ ഉപാധികൾ**

യു.പി,ഹൈ–സ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ ഓരോ വിഭാഗത്തിലും 5 പ്രവർത്തനങ്ങൾ വീതമാണ് നൽകിയിരിക്കുന്നത്. 10 മാർക്ക് വീതമുള്ള 4 പ്രവർത്തനങ്ങളും 20 മാർക്കിന്റെ ഒരു പ്രവർത്തനവും ആസ്പദമാക്കിയാണ് തിരഞ്ഞെടുപ്പ്.

| ക്രമ നം | വിലയിരുത്തൽ സൂചകങ്ങൾ | മാർക്ക് (ആകെ:60 മാർക്ക്) |
|---|---|---|

| | | |
|---|---|---|
| 1. | പ്രവർത്തനം 1 | 10 |
| 2. | പ്രവർത്തനം 2 | 10 |
| 3. | പ്രവർത്തനം 3 | 20 |
| 4. | പ്രവർത്തനം 4 | 10 |
| 5. | പ്രവർത്തനം 5 | 10 |

## 8. **വിദ്യാലയ തലത്തിൽ കുട്ടികളുടെ ഹരിതസഭ –നവംബർ 14**

കഴിഞ്ഞ രണ്ട് വർഷമായി തദ്ദേശ സ്ഥാപന തലത്തിൽ നടത്തിവരുന്ന കുട്ടികളുടെ ഹരിതസഭ ഈ വർഷം വിദ്യാലയ തലത്തിൽ ആണ് സംഘടിപ്പിക്കേണ്ടത്. മാലിന്യരഹിത പരിസരവും ആരോഗ്യകരമായ ജീവിത സാഹചര്യവും കുട്ടികളുടെ അവകാശമാണ് എന്ന സന്ദേശം കുട്ടികളിലേക്ക് എത്തിക്കുന്നതിനാണ് ഹരിതസഭ സംഘടിപ്പിക്കുന്നത്. പ്രസ്തുത കുട്ടികളുടെ ഹരിതസഭയിൽ വെച്ച് സ്കോളർഷിപ്പിന് അർഹരായവിദ്യാർത്ഥികളെ പ്രഖ്യാപിക്കുക. സ്കോളർഷിപ്പിന്റെ ഭാഗമായ മുഴുവൻ വിദ്യാർത്ഥികളുടെയും പങ്കാളിത്തം കുട്ടികളുടെ ഹരിതസഭയിൽ ഉറപ്പാക്കുക. സ്കോളർഷിപ്പിന് തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ നേതൃത്വഹത്തിലായിരിക്കണം ഇത്തവണ കുട്ടികളുടെ ഹരിതസഭ നടക്കേണ്ടത്. സ്കോളർഷിപ്പിന്റെ ഭാഗമായി കണ്ടെത്തിയ വിവരങ്ങൾ, മാലിന്യ സംസ്കരണത്തിൽ ജനങ്ങൾ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ, പങ്കാളിത്തം, മനോഭാവം എന്നിവ വിദ്യാർഥികൾ സഭയിൽ അവതരിപ്പിക്കുക. ഇതിൻമേൽ മറ്റ് വിദ്യാർത്ഥികൾക്കുള്ള അഭിപ്രായം അവരുടെ കണ്ടെത്തലുകൾ, ചോദ്യങ്ങൾ ചോദിക്കാനുമുള്ള അവസരം എന്നിവയും ഹരിതസഭയുടെ ഭാഗമായിരിക്കണം. ഇതോടൊപ്പം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും വിദ്യാലയത്തിലും മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് വിദ്യാർഥികൾ കണ്ടെത്തിയ പോരായ്മകൾ ചർച്ച ചെയ്യുകയും അവയ്ക്കുള്ള പരിഹാരം ചർച്ച ചെയ്യുകയും വേണം. ശേഷം സ്കോളർഷിപ്പിന്റെ ഏകോപനം ചുമതലയുള്ള ടീച്ചർ കോർഡിനേറ്റർ ഹരിതസഭയിൽ വന്ന നിർദേശങ്ങൾ ഉൾപ്പെടുത്തി ക്രോഡീകരിച്ച് സംസാരിക്കുക.

ഇതോടൊപ്പം സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് തുടർ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും മറ്റുള്ള വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നത് സംബന്ധിച്ചും വിശദീകരിക്കുക.

**അനുബന്ധം 2**

വിദ്യാലയ തലത്തിൽ നിന്നും സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടതാണ്.

1. **വ്യക്തിഗത ആക്ടിവിറ്റികൾ**

1. തിരഞ്ഞെടുത്ത മുഴുവൻ വിദ്യാത്ഥികളുടെയും വീടുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെയോ, സ്വന്തമായോ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുക.
2. പ്രസ്തുത ജൈവ മാലിന്യ സംസ്കരണ സംവിധാനം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് വിഡിയോ എടുത്ത് തദ്ദേശ സ്ഥാപനത്തിന്റെ സാമൂഹിക മാധ്യമങ്ങൾ വഴിയോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സാമൂഹ്യ മാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുക. ഒപ്പം ക്ലാസ് റൂമുകളിൽ മറ്റ് വിദ്യാർത്ഥികൾക്ക് മനസിലാകുന്നതിന് വേണ്ടി വീഡിയോ പ്രദർശനം നടത്തുക.
3. പഠന പ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിൽ തയ്യാറാക്കിയ വേസ്റ്റ് ബിന്നുകളുടെ പരിപാലനം ഉറപ്പാക്കുക.
4. വീട്ടിലും സ്കൂളിലും ഉണ്ടാക്കിയ കമ്പോസ്റ്റ് ഉപയോഗിച്ച വീടുകളിലും സ്കൂളിലും കൃഷി പ്രോത്സാഹിപ്പിക്കുക.
5. ഈ കാലയളവിൽ സ്വന്തം വീട്ടിലുണ്ടാക്കുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുള്ള ശ്രമം നടത്തൽ, നിത്യോപയോഗ സാധനങ്ങളുടെ പുനഃരുപയോഗം പ്രോത്സാഹിപ്പിക്കൽ,

കൂടാതെ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള ഇടപെടലുകൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കാളികളാകൽ.

6. ചെയ്ത പ്രവർത്തനങ്ങളുടെ ചാർട്ട്/ റിപ്പോർട്ട് പ്രദർശിപ്പിക്കാൻ കഴിയുന്ന വിധം തയ്യാറാക്കേണ്ടതാണ്.

2. **ഗ്രൂപ്പ് ആക്ടിവിറ്റികൾ**

1. ഒരേ സ്കൂളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർഥികൾ ഒന്നിച്ചോ സ്കൂളിലെ താത്പര്യമുള്ള മറ്റ് കുട്ടികളെ കൂട്ടിച്ചേർത്തോ വിദ്യാഭ്യാസ സ്ഥാപനത്തിലെ നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥ പഠനം നടത്തി വിടവുകൾ കണ്ടെത്തുക/റിപ്പോർട്ട് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുക/ പരിഹരിക്കാൻ ഇടപെടൽ പ്രവർത്തനം സംഘടിപ്പിക്കുക.
2. വിദ്യാലയത്തിലെ മുഴുവൻ ജൈവ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കുക. വിദ്യാർത്ഥികളെ ഏകോകിപ്പിച്ചുകൊണ്ട് കമ്പോസ്റ്റ് ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുക
3. പുനഃരുപയോഗം,പാഴ്‌വസ്തു പരിപാലനം,മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ,ഗ്രീൻ പ്രോട്ടോകോൾ തുടങ്ങിയ വിഷയങ്ങളിൽ സ്കിറ്റ്,നാടകം,പ്രഭാഷണം തുടങ്ങിയവ വിദ്യാലയത്തിൽ നടത്തേണ്ടതാണ്.

3. **ശുചിത്വ പഠനോത്സവം**

സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും **ശുചിത്വ പഠനോത്സവം** സംഘടിപ്പിക്കേണ്ടതുമാണ്. ഇതിന്റെ ഭാഗമാവാൻ മറ്റ് കുട്ടികൾക്കും അദ്ധ്യാപകക്കും അവസരം നൽകേണ്ടതാണ്.

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്കോളർപ്പിന് അർഹരായ മുഴുവൻ വിദ്യാർത്ഥികളെയും, വിദ്യാലയങ്ങളിൽ നിന്നും മെന്റർ അദ്ധ്യാപകരെയും ഒപ്പം താത്പര്യമുള്ള മറ്റ് വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചായിരിക്കണം ഹരിത പഠനോത്സവം സംഘടിപ്പിക്കുവാൻ
2. ഇതിൽ ഓരോ വിദ്യാലയത്തിൽ നിന്നും സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾ മുഖേന ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ/പ്രൊജക്ടുകൾ/ കണ്ടെത്തലുകൾ/ സാമൂഹിക

തലത്തിലുള്ള ഇടപെടലുകൾ/ പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കേണ്ടതാണ്.കൂടാതെ വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തെളിവുകൾ, ചിത്ര പ്രദർശനം,ക്രാഫ്റ്റ് മോഡലുകൾ, ബദൽ ഉത്പന്നങ്ങൾ,പരീക്ഷണ കുറിപ്പുകൾ,സ്വാപ്പ് ഷോപ്പ് തുടങ്ങിയവയുടെ എക്സിബിഷനും ഇതിന്റെ ഭാഗമായി നടത്തണം.

3. ജനുവരി മാസത്തിൽ തദ്ദേശസ്ഥാപന തലത്തിൽ നടത്തുന്ന ഹരിത പഠനോത്സവത്തിൽ ഓരോ വിദ്യാലയത്തിൽ നിന്നുമുള്ള ഗ്രൂപ്പ് അവതരണം നടത്തണം. കൂടാതെ ഉണ്ടാക്കിയ മോഡലുകൾ പ്രദർശനങ്ങളിൽ വയ്ക്കേണ്ടതുമാണ്.
4. വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ അനുബന്ധം 1 ൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങളുടെ പോർട്ട്ഫോളിയോ സൂക്ഷിക്കേണ്ടതാണ്.
5. ജനുവരി 5 ന് മുമ്പ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി എല്ലാ തെളിവുകളും മെൻ്റർ ടീച്ചർ ശേഖരിച്ചു വെക്കേണ്ടതാണ്.
6. വിദ്യാലയത്തിൽ നിന്നുമുള്ള അവതരണങ്ങൾ,തെളിവുകൾ,സ്കൂൾ തലത്തിൽ സ്കോളർഷിപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പങ്കാളിത്തം,ശ്രദ്ധേയമായ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയങ്ങൾക്ക് അവാർഡ് നൽകേണ്ടതാണ്. സ്കൂൾ തലത്തിൽ സംഘടിപ്പിച്ച റിപ്പയർ ഷോപ്പ്, സ്വാപ് ഷോപ്പ്, **ഓൾഡ്സ്ഫാഷണബിൾ ഡയറി (old is fashionable diary)** തുടങ്ങിയവയും സ്കോളർഷിപ്പ് പ്രവർത്തനങ്ങളും ആസ്പദമാക്കിയാണ് വിദ്യാലയങ്ങൾക്ക് അവാർഡ് നൽകേണ്ടത്. ഇത് പൂർണ്ണമായും തദ്ദേശ സ്വയംഭരണത്തിന്റെ ചുമതലയാണ്.

4. **സമയക്രമം**

| **ക്രമ നം** | **പ്രവർത്തനം** | **തീയതി** |
|---|---|---|
| 1. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറെടുപ്പുകൾ പൂർത്തീകരിക്കേണ്ടത് | ഒക്ടോബർ 5, 2025 |
| 2. | വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ട തീയതി | ഒക്ടോബർ 10 , 2025 |
| 3. | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരിചയപ്പെടുത്തൽ (അനുബന്ധം 1) | ഒക്ടോബർ 12,2025 |
| 4. | അനുബന്ധം 1 ലെ പ്രവർത്തനങ്ങൾ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ | ആരംഭിക്കേണ്ട തീയതി:<br>ഒക്ടോബർ 13, 2025 |

| | | |
|---|---|---|
| | | പൂർത്തീകരിക്കേണ്ട തീയതി: നവംബർ 10 , 2025 |
| 5. | വിദ്യാലയത്തിൽ നിന്നും സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ പ്രഖ്യാപനം – സ്കൂൾതലത്തിൽ നടക്കുന്ന **കുട്ടികളുടെ ഹരിതസഭയിൽ** | നവംബർ 14 ,2025 |
| 6. | വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകേണ്ട അവസാന തീയ്യതി | നവംബർ 15, 2025 |
| 7. | തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ യോഗം (തദ്ദേശ സ്ഥാപന തലത്തിൽ ) | നവംബർ 20 ന് ഉള്ളിൽ |
| 8. | ശുചിത്വ പഠനോത്സവത്തിലേക്കുള്ള തയ്യാറെടുപ്പുകളും പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടത് | ജനുവരി 5, 2026 |
| 9. | **ശുചിത്വ പഠനോത്സവം** | ജനുവരി 26,2026 |

**അനുബന്ധം 3**

## ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കു,മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കു

പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസിബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഗ്രീൻ പ്രോട്ടോക്കോൾ.

വ്യക്തി ജീവിതത്തിലും, കുടുംബം, ഓഫീസുകൾ, പൊതു പരിപാടികൾ, സമ്മേളനങ്ങൾ, ചടങ്ങുകൾ, ഉത്സവങ്ങൾ തുടങ്ങി എല്ലാ തലങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കാം. മാലിന്യം ഉല്പാദിപ്പിക്കുന്നതിന്റെ അളവ് കുറക്കുന്നതിന് വേണ്ടി ഡിസ്പോസബിൾ വസ്തുക്കളുടെയും ഒറ്റത്തവണ ഉപയോഗ വസ്തുക്കളുടെയും ഉപയോഗം പൂർണമായും ഒഴിവാക്കി, പുനരുപയോഗ സാധ്യമായ വസ്തുക്കൾ ഉപയോഗിക്കുന്നത് ശീലമാക്കുകയും, ജൈവമാലിന്യം കമ്പോസ്റ്റിംഗിലൂടെ വളമാക്കി മാറ്റുകയോ ബയോഗ്യാസാക്കുകയോ ചെയ്യുകയും ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വങ്ങളാണ്. ഇതിലൂടെ സീറോ വേസ്റ്റ്, സർക്കുലർ ഇക്കോണമി തുടങ്ങിയ ആശയങ്ങൾ നടപ്പിലാവുകയും ചെയുന്നു. വലിയ ജനപങ്കാളിത്തം ഉണ്ടാകുന്ന പരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുന്നത് വലിയ അളവിൽ മാലിന്യം കുറയ്ക്കാൻ സാധിക്കുകയും മാലിന്യത്തിലൂടെയുള്ള കാർബൺ ഫുട്പ്രിന്റ് കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും.

**എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം**

| **ഒഴിവാക്കേണ്ടത്** | **ശീലമാക്കേണ്ടത്** |
|---|---|
| ഡിസ്പോസിബിൾ കപ്പുകൾ,പ്ലേറ്റുകൾ,സ്ട്രോ,ഗ്ലാസ്സുകൾ,സ്പൂണുകൾ,,ടിഷ്യൂ പേപ്പർ,പേപ്പർ മേശവിരിപ്പ് | സ്റ്റീൽ/ചില്ല് പ്ലേറ്റുകൾ, കപ്പുകൾ<br>സ്റ്റീൽ/ചില്ല് വാട്ടർ ബോട്ടിലുകൾ<br>സ്റ്റീൽ ഗ്ലാസ്/സ്പൂണുകൾ |
| പ്ലാസ്റ്റിക് ബോട്ടിലുകൾ,ടിഫിൻ ബോക്സുകൾ,സഞ്ചികൾ | തുണി സഞ്ചി/ തുണി തുവാല |
| പ്ലാസ്റ്റിക് പേനകൾ | മഷി പേനകൾ |
| ഫ്ളക്സ് ബാനറുകൾ,അലങ്കാരങ്ങൾ | പ്രകൃതി സൗഹൃദ അലങ്കാരങ്ങൾ, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രചരണം- തുണി ബാനർ മുതലായവ |
| മാലിന്യങ്ങൾ കൂട്ടി കലർത്തി വേസ്റ്റ് ബിന്നിൽ നിക്ഷേപിക്കുന്നത് | മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കൽ |
| മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും | കംമ്പോസ്റ്റിങ് |
| പ്ലാസ്റ്റിക് ബൊക്കെകൾ, പ്ലാസ്റ്റിക് കൊണ്ടുള്ള ഉപഹാരങ്ങൾ | ഉപഹാരങ്ങൾക്ക് വിത്തുകൾ/ തൈകൾ നൽകുന്ന മാതൃക പിന്തുടരൽ |

| | |
|---|---|
| പ്ലാസ്റ്റിക് കവറുകളിൽ ആഹാരം പാഴ്സൽ വാങ്ങുന്നത് | ആഹാരങ്ങൾ പാഴ്സലായി വാങ്ങുന്നതിന് തട്ട് പത്രങ്ങൾ |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - "വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് -ഇക്കോ സെൻസ് " - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2388/2025/LSGD തീയതി,തിരുവനന്തപുരം, 30-09-2025

പരാമർശം:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ തദ്ദേശ സ്ഥാപന അധ്യക്ഷന്മാരുടെ അസോസിയേഷൻ പ്രതിനിധികളുമായി 30/07/2025-ൽ ചേർന്ന ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്
2. ബഹു. പൊതു വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 30-08-2025-ൽ ചേർന്ന ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്
3. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും അധ്യക്ഷതയിൽ 17-09-2025-ൽ ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

കേരള സർക്കാർ 'മാലിന്യമുക്തം നവകേരളം' പദ്ധതി നടപ്പിലാക്കി വരികയാണ്. മനുഷ്യർ ഉപയോഗരഹിതമായ വസ്തുക്കളെ മാലിന്യം/പാഴ്വസ്തുക്കളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇവയെ ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റാനുള്ള അറിവും ശീലവും നമ്മൾ സ്വന്തമാക്കുകയും ശീലമാക്കുകയും വേണം. ഇക്കാര്യത്തിൽ നൂതന ചിന്തയും താല്പര്യവുമുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ടത് ഏറെ പ്രാധാന്യമർഹിക്കുന്നു. വിദ്യാർത്ഥികൾക്കാണ് ഈ മാറ്റത്തിൽ മുഖ്യ ചാലക ശക്തിയാകാൻ കഴിയുക എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കുട്ടികളെ മാലിന്യമുക്ത ചുറ്റുപാട് ഉണ്ടാക്കുന്നതിന്റെ വക്താക്കളാക്കി മാറ്റേണ്ടത് അനിവാര്യമാണെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

ഈ വിഷയം സംബന്ധിച്ച് പരാമർശം (1), (2), (3) പ്രകാരം നടത്തിയ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും സംയുക്തമായി "വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്-ഇക്കോ സെൻസ് " എന്ന പേരിൽ ഒരു സ്കോളർഷിപ്പ് പദ്ധതി ഓരോവർഷവും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്രീയ പാഴ്വസ്തു പരിപാലനം, ഹരിത നൈപുണികൾ വികസിപ്പിക്കൽ, പാഴ്വസ്തു പരിപാലനവുമായി ബന്ധപ്പെട്ട് പ്രാദേശികമായി നേരിടേണ്ടിവരുന്ന വെല്ലുവിളികൾക്ക് നൂതന പരിഹാരം കണ്ടെത്തൽ, പാഴ്വസ്തുക്കളുടെ അളവ് കുറയ്ക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. 'പാഴ്വസ്തു പരിപാലനം ഹരിത സാങ്കേതിക വിദ്യയിലൂടെ' എന്ന മേഖലയിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി-യുടെ നേതൃത്വത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ആക്ടിവിറ്റി പുസ്തകങ്ങളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയ ആശയങ്ങളും ഉൾക്കൊള്ളിച്ചാണ് സ്കോളർഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വീടുകളിൽ ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന ജൈവ -അജൈവ മാലിന്യ/പാഴ്വസ്തുക്കളെ ഉറവിട മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റുക ,പുനരുപയോഗം സാധ്യമാക്കുക എന്നിവയിലെ അറിവും ശീലവും നൂതന ചിന്തയും താല്പര്യവുമുള്ള പുതുതലമുറയെ വിദ്യാഭ്യാസ പ്രക്രിയയിലൂടെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും സംയുക്തമായി "വിദ്യാർത്ഥി

ഹരിതസേന സ്കോളർഷിപ്പ്-ഇക്കോ സെൻസ്" എന്ന പേരിലുള്ള സ്കോളർഷിപ്പ് പദ്ധതി വാർ ഷികാടിസ്ഥാനത്തിൽ , **അനുബന്ധം-1** ആയി ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി പൊതുവിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ

ഉത്തരവിൻ പ്രകാരം

Signed by
Manish V V
സെക്ഷൻ ഓഫീസർ
Date: 03-10-2025 10:20:37

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ്

**അനുബന്ധം-1**

## "വിദ്യാർത്ഥി ഹരിത സേന സ്കോളർഷിപ്പ് - ഇക്കോ സെൻസ് "

**ആമുഖം**

കേരള സർക്കാർ 'മാലിന്യമുക്തം നവകേരളം' പദ്ധതി നടപ്പാക്കി വരികയാണ്. മനുഷ്യർ ഉപയോഗരഹിതമായ വസ്തുക്കളെ മാലിന്യം/പാഴ്‌വസ്തുക്കളാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇവയെ ഉപയോഗപ്രദമായ വസ്തുക്കളാക്കി മാറ്റാനുള്ള അറിവും ശീലവും നമ്മൾ സ്വന്തമാക്കുകയും ശീലമാക്കുകയും വേണം. ഇക്കാര്യത്തിൽ നൂതന ചിന്തയും താല്പര്യവുമുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ടത് ഏറെ പ്രാധാന്യമർഹിക്കുന്നു. വിദ്യാർത്ഥികൾക്കാണ് ഈ മാറ്റത്തിൽ മുഖ്യ ചാലക ശക്തിയാകാൻ കഴിയുക എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ പ്രക്രിയയിലൂടെ കുട്ടികളെ മാലിന്യമുക്ത ചുറ്റുപാട് ഉണ്ടാക്കുന്നതിന്റെ വക്താക്കളാക്കി മാറ്റേണ്ടത് അനിവാര്യമാണെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

വിവിധ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും പൊതുവിദ്യാഭ്യാസവകുപ്പും സംയുക്തമായി 'വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പ്-ഇക്കോ സെൻസ് "എന്ന പേരിൽ ഒരു സ്കോളർഷിപ്പ് പദ്ധതി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സ്കോളർഷിപ്പിലൂടെ വിദ്യാർത്ഥികളിൽ ശാസ്ത്രീയ പാഴ്‌വസ്തു പരിപാലനം, ഹരിത നൈപുണികൾ വികസിപ്പിക്കൽ, പാഴ്‌വസ്തു പരിപാലനവുമായി ബന്ധപ്പെട്ട് പ്രാദേശികമായി നേരിടേണ്ടിവരുന്ന വെല്ലുവിളികൾക്ക് നൂതന പരിഹാരം കണ്ടെത്തൽ, പാഴ്‌വസ്തുക്കളുടെ അളവ് കുറയ്ക്കൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. 'പാഴ്‌വസ്തുപരിപാലനം ഹരിതസാങ്കേതികവിദ്യയിലൂടെ' എന്ന മേഖലയിൽ തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ആക്ടിവിറ്റി പുസ്തകങ്ങളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയ ആശയങ്ങളും ഉൾക്കൊള്ളിച്ചാണ് സ്കോളർഷിപ്പ് വിഭാവനം ചെയ്തിരിക്കുന്നത്.

യു.പി വിഭാഗത്തിൽ 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികളും ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികളും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ നിന്ന് ഒന്നാം വർഷ വിദ്യാർത്ഥികളുമാണ് ഈ വർഷം സ്കോളർഷിപ്പ് പരിപാടിയിൽ പങ്കെടുക്കുന്നത്. കുട്ടികളുടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സ്കൂളിലെ അധ്യാപകർക്ക് ഒരു പ്രധാന പങ്കുണ്ട്. ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണവകുപ്പ്, ശുചിത്വമിഷൻ എന്നിവരുടെ നേതൃത്വത്തിലാണ് സ്കോളർഷിപ്പ് പരിപാടി നടപ്പാക്കുന്നത്.

1. **ലക്ഷ്യങ്ങൾ:**

    1. വിദ്യാർത്ഥികളിൽ ഉത്തരവാദിത്തമുള്ള ഉപഭോക്തൃ സംസ്കാരം (Responsible Consumption), ശാസ്ത്രീയമായ മാലിന്യപരിപാലനം, മാലിന്യത്തിൻ്റെ അളവ് കുറയ്ക്കൽ തുടങ്ങിയ വിഷയങ്ങളിൽ താൽപ്പര്യം വളർത്തിയെടുക്കുക.
    2. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന പ്രാദേശികമായ വെല്ലുവിളികൾക്ക് പരിഹാരം അന്വേഷിക്കുക, കണ്ടെത്തുക.
    3. സുസ്ഥിര വികസനത്തിനുള്ള പ്രതിബദ്ധതയും മനോഭാവവും വിദ്യാർത്ഥികളിൽ വളർത്തുക.
    4. വിദ്യാർത്ഥികളിൽ ഹരിത നൈപുണികൾ വികസിപ്പിക്കുക

2. **തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ:**

1. സ്കോളർഷിപ്പിനായുള്ള വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും നടക്കുക. ഇതിനാവശ്യമായ സഹായ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണവകുപ്പ്, ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ശുചിത്വമിഷൻ തുടങ്ങിയവർ നൽകേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തുകളിൽ 50 വിദ്യാർത്ഥികളെയും മുൻസിപ്പാലിറ്റികളിൽ 75 വിദ്യാർത്ഥികളെയും കോർപ്പറേഷനിൽ 100 വിദ്യാർത്ഥികളെയുമാണ് സ്കോളർഷിപ്പിലേക്ക് തെരഞ്ഞെടുക്കേണ്ടത്.

3. ഓരോ വിദ്യാലയത്തിൽ നിന്നും ചുരുങ്ങിയത് രണ്ട് കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകേണ്ടതാണ്.

4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആകെ നൽകുന്ന സ്കോളർഷിപ്പിൽ 40% യു.പി വിഭാഗത്തിനും 30% ഹൈസ്കൂളിനും 30% ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിനുമായി മാറ്റിവയ്ക്കേണ്ടതാണ്.

5. സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഓരോ സ്കൂളിനും അനുവദിക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി തീരുമാനിച്ച് സ്കൂളുകളെ അറിയിക്കേണ്ടതാണ്.

6. അപ്പർ പ്രൈമറി വിഭാഗത്തിൽ നിന്നും ആറ്, ഏഴ് ക്ലാസ് വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും എട്ട്, ഒമ്പത് ക്ലാസ് വിദ്യാർത്ഥികൾക്കും, ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പിന് അവസരം നൽകേണ്ടത്.

7. സ്കൂൾ തലത്തിൽ പേര് നൽകിയ വിദ്യാർത്ഥികളിൽ നിന്നും നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്കനുസരിച്ച് തിരഞ്ഞെടുപ്പ് പ്രക്രിയ നടത്തും. തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും പ്രവർത്തനങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിദ്യാലയത്തിലേക്ക് സർക്കുലറായി നൽകുന്നതാണ്.

8. വിദ്യാലയ തലത്തിലുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയായി കഴിഞ്ഞാൽ നവംബർ 14 ന് വിദ്യാലയത്തിൽ കുട്ടികളുടെ ഹരിതസഭ ചേരുകയും സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രഖ്യാപിക്കുന്നതുമാണ്.

9. തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ വിദ്യാലയത്തിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകുന്നതാണ്.

10. സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായ 1500/- രൂപയും പ്രശസ്തിപത്രവും നൽകേണ്ടതാണ്. ഇതിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

11. സ്കൂൾതലത്തിൽ സ്കോളർഷിപ്പിനായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് നവംബർ, ഡിസംബർ മാസങ്ങളിലായി **അനുബന്ധം-2** നൽകിയിരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സഹായങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്.

12. **ശുചിത്വ പഠനോത്സവം:** സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും 'ശുചിത്വ പഠനോത്സവം' സംഘടിപ്പിക്കേണ്ടതാണ്. സെമിനാറുകൾ, മുഖാമുഖ ചർച്ചകൾ, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തിയായിരിക്കണം ശുചിത്വ പഠനോത്സവം നടക്കേണ്ടത്. ശുചിത്വ പഠനോത്സവത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

നിന്നുമുള്ള വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ടാകണം. സ്കോളർഷിപ്പിന്റെ ഭാഗമായി വിദ്യാലയത്തിൽ നടന്ന പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഏകോപനം, സ്കോളർഷിപ്പ് പ്രവർത്തനങ്ങളുടെ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയത്തിന് പുരസ്കാരം നൽകേണ്ടതുമാണ്.

**13.** വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായുള്ള തുക ഒരു വിദ്യാർത്ഥിയ്ക്ക് 1500 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**14.** തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വ പഠനോത്സവത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് 10,000 രൂപയും മുനിസിപ്പാലിറ്റികൾക്ക് 15,000 രൂപയും കോർപ്പറേഷനുകൾക്ക് 25000 രൂപയും പരമാവധി ചെലവഴിക്കാവുന്നതാണ്

<u>അനുബന്ധം-2</u>

സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ ഭാഗമാകേണ്ടതാണ്.

**I. വ്യക്തിഗത ആക്ടിവിറ്റികൾ**

1. തിരഞ്ഞെടുത്ത മുഴുവൻ വിദ്യാത്ഥികളുടെയും വീടുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെയോ, സ്വന്തമായോ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുക.

2. പ്രസ്തുത ജൈവ മാലിന്യ സംസ്കരണ സംവിധാനം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് വീഡിയോ എടുത്ത് തദ്ദേശ സ്ഥാപനത്തിന്റെ സാമൂഹിക മാധ്യമങ്ങൾ വഴിയോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സാമൂഹ്യ മാധ്യമങ്ങൾ വഴിയോ പ്രചരിപ്പിക്കുക. ഒപ്പം ക്ലാസ് റൂമുകളിൽ മറ്റ് വിദ്യാർത്ഥികൾക്ക് മനസിലാകുന്നതിന് വേണ്ടി വീഡിയോ പ്രദർശനം നടത്തുക.

3. പഠന പ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിൽ തയ്യാറാക്കിയ വേസ്റ്റ് ബിന്നുകളുടെ പരിപാലനം ഉറപ്പാക്കുക.

4. വീട്ടിലും സ്കൂളിലും ഉണ്ടാക്കിയ കമ്പോസ്റ്റ് ഉപയോഗിച്ച വീടുകളിലും സ്കൂളിലും കൃഷി പ്രോത്സാഹിപ്പിക്കുക.

5. ഈ കാലയളവിൽ സ്വന്തം വീട്ടിലുണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനുള്ള ശ്രമം നടത്തൽ, നിത്യോപയോഗ സാധനങ്ങളുടെ പുനഃരുപയോഗം പ്രോത്സാഹിപ്പിക്കൽ, കൂടാതെ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനുള്ള ഇടപെടലുകൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കാളികളാകൽ.

6. ചെയ്ത പ്രവർത്തനങ്ങളുടെ ചാർട്ട്/ റിപ്പോർട്ട് പ്രദർശിപ്പിക്കാൻ കഴിയുന്ന വിധം തയ്യാറാക്കേണ്ടതാണ്.

**II. ഗ്രൂപ്പ് ആക്ടിവിറ്റികൾ**

1. ഒരേ സ്കൂളിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർഥികൾ ഒന്നിച്ചോ സ്കൂളിലെ താത്പര്യമുള്ള മറ്റ് കുട്ടികളെ കൂട്ടിച്ചേർത്തോ വിദ്യാഭ്യാസ സ്ഥാപനത്തിലെ നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥാ പഠനം നടത്തി വിടവുകൾ കണ്ടെത്തുക/റിപ്പോർട്ട് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുക/ പരിഹരിക്കാൻ ഇടപെടൽ പ്രവർത്തനം സംഘടിപ്പിക്കുക.

2. വിദ്യാലയത്തിലെ മുഴുവൻ ജൈവ സംസ്കരണ സംവിധാനങ്ങളും കാര്യക്ഷമമാക്കുക. വിദ്യാർത്ഥികളെ ഏകോപിപ്പിച്ചുകൊണ്ട് കമ്പോസ്റ്റ് ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുക

3. പുനഃരുപയോഗം,പാഴ്‌വസ്തു പരിപാലനം,മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ,ഗ്രീൻ പ്രോട്ടോകോൾ തുടങ്ങിയ വിഷയങ്ങളിൽ സ്കിറ്റ്,നാടകം,പ്രഭാഷണം തുടങ്ങിയവ വിദ്യാലയത്തിൽ നടത്തുക

**III. ശുചിത്വ പഠനോത്സവം**

1. സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ മാതൃകാപ്രവർത്തനങ്ങളും നിരീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കാനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ശുചിത്വ പഠനോത്സവം സംഘടിപ്പിക്കേണ്ടതുമാണ്. ഇതിന്റെ ഭാഗമാവാൻ മറ്റ് കുട്ടികൾക്കും അദ്ധ്യാപകർക്കും അവസരം നൽകേണ്ടതാണ്.

2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും സ്കോളർഷിപ്പിന് അർഹരായ മുഴുവൻ വിദ്യാർത്ഥികളെയും, വിദ്യാലയങ്ങളിൽ നിന്നും മെന്റർ അദ്ധ്യാപകരെയും ഒപ്പം താത്പര്യമുള്ള മറ്റ് വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചായിരിക്കണം **ശുചിത്വ** പഠനോത്സവം സംഘടിപ്പിക്കുവാൻ

3. ഇതിൽ ഓരോ വിദ്യാലയത്തിൽ നിന്നും സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾ മുഖേന ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ/പ്രൊജക്ടുകൾ/ കണ്ടെത്തലുകൾ/ സാമൂഹിക തലത്തിലുള്ള ഇടപെടലുകൾ/ പരീക്ഷണങ്ങൾ തുടങ്ങിയവ അവതരിപ്പിക്കേണ്ടതാണ്. കൂടാതെ വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തെളിവുകൾ, ചിത്ര പ്രദർശനം,ക്രാഫ്റ്റ് മോഡലുകൾ, ബദൽ ഉത്പന്നങ്ങൾ,പരീക്ഷണ കുറിപ്പുകൾ,സ്വാപ്പ് ഷോപ്പ് തുടങ്ങിയവയുടെ എക്സിബിഷനും ഇതിന്റെ ഭാഗമായി നടത്തണം.

4. ജനുവരി മാസത്തിൽ തദ്ദേശസ്ഥാപന തലത്തിൽ നടത്തുന്ന ഹരിത പഠനോത്സവത്തിൽ ഓരോ വിദ്യാലയത്തിൽ നിന്നുമുള്ള ഗ്രൂപ്പ് അവതരണം നടത്തണം. കൂടാതെ ഉണ്ടാക്കിയ മോഡലുകൾ പ്രദർശനങ്ങളിൽ വയ്ക്കേണ്ടതുമാണ്.

5. വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾ പ്രവർത്തനങ്ങളുടെ പോർട്ട്ഫോളിയോ സൂക്ഷിക്കേണ്ടതാണ്.

6. ജനുവരി 5 ന് മുമ്പ് പ്രവർത്തനങ്ങൾ പൂർത്തിയാക്കി എല്ലാ തെളിവുകളും മെൻ്റർ ടീച്ചർ ശേഖരിച്ച് വെക്കേണ്ടതാണ്.

7. വിദ്യാലയത്തിൽ നിന്നുമുള്ള അവതരണങ്ങൾ,തെളിവുകൾ, സ്കൂൾ തലത്തിൽ സ്കോളർഷിപ്പിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പങ്കാളിത്തം,ശ്രദ്ധേയമായ പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയങ്ങൾക്ക് അവാർഡ് നൽകേണ്ടതാണ്. സ്കൂൾ തലത്തിൽ സംഘടിപ്പിച്ച റിപ്പയർ ഷോപ്പ്, സ്വാപ് ഷോപ്പ്, ഓൾഡ് ഈസ് ഫാഷണബിൾ ഡയറി (**old is fashionable diary**) തുടങ്ങിയവയും സ്കോളർഷിപ്പ് പ്രവർത്തനങ്ങളും ആസ്പദമാക്കിയാണ് വിദ്യാലയങ്ങൾക്ക് അവാർഡ് നൽകേണ്ടത്. ഇത് പൂർണ്ണമായും തദ്ദേശ സ്വയംഭരണത്തിന്റെ ചുമതലയാണ്.

## IV. സമയക്രമം

| ക്രമ നം | പ്രവർത്തനം | തീയതി |
|---|---|---|
| 1. | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറെടുപ്പുകൾ പൂർത്തീകരിക്കേണ്ടത് | ഒക്ടോബർ 5, 2025 |
| 2. | വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ട തീയതി (സ്കൂൾ തലം) | ഒക്ടോബർ 10, 2025 |
| 3. | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരിചയപ്പെടുത്തൽ (സ്കൂൾ തലം) | ഒക്ടോബർ 12, 2025 |
| 4. | രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പ്രവർത്തനങ്ങൾ | • ആരംഭിക്കേണ്ട തീയതി: ഒക്ടോബർ 13, 2025 |

| | | |
|---|---|---|
| | | • പൂർത്തീകരിക്കേണ്ട തീയതി: നവംബർ 10 , 2025 |
| 5. | വിദ്യാലയത്തിൽ നിന്നും സ്കോളർഷിപ്പിനായി തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ പ്രഖ്യാപനം - സ്കൂൾതലത്തിൽ നടക്കുന്ന കുട്ടികളുടെ ഹരിതസഭയിൽ | നവംബർ 14 ,2025 |
| 6. | വിദ്യാലയത്തിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നൽകേണ്ട അവസാന തീയ്യതി | നവംബർ 15, 2025 |
| 7. | തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ യോഗം (തദ്ദേശ സ്ഥാപന തലത്തിൽ ) | നവംബർ 20 നുള്ളിൽ |
| 8. | ശുചിത്വ പഠനോത്സവത്തിലേക്കുള്ള തയ്യാറെടുപ്പുകളും പ്രവർത്തനങ്ങളും പൂർത്തീകരിക്കേണ്ടത് | ജനുവരി 5, 2026 |
| 9. | ശുചിത്വ പഠനോത്സവം (തദ്ദേശ സ്ഥാപന തലത്തിൽ ) | ജനുവരി 26,2026 |